**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2292** **01-09-2022 - ൽ മറുപടിയ്ക്ക്**

**ലൈഫ് ഭവന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ,<br>ശ്രീ കെ ആൻസലൻ,<br>ശ്രീ. എ. രാജ,<br>ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ലൈഫ് ഭവന പദ്ധതിയുടെ അന്തിമ ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇതിൽ ഉൾപ്പെട്ട തദ്ദേശ സ്ഥാപനങ്ങളുടെ എണ്ണം, കുടുംബങ്ങൾ, ഭൂമിയുള്ള ഭവനരഹിതർ, ഭൂമിയില്ലാത്ത ഭവനരഹിതർ, പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങൾ എന്നിവയുടെ വിശദാംശം നൽകാമോ; | (എ) | ലൈഫ് 2020 പ്രകാരം ഓൺലൈനായി സ്വീകരിച്ച അപേക്ഷകളിൻമേൽ അർഹതാ പരിശോധനയും പുന:പരിശോധനയും ഒന്നും രണ്ടും ഘട്ട അപ്പീലുകൾക്കും ശേഷം ഗ്രാമസഭ/ വാർഡ്സഭകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപന അംഗീകാരത്തോടുംകൂടി (പ്രതികൂലമായ കാലാവസ്ഥ മൂലവും ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്നതിനാലും ഗുണഭോക്തൃ പട്ടിക അന്തിമമാക്കാൻ സാധിക്കാതെയിരുന്ന 171 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒഴികെ) പട്ടിക അന്തിമമാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 2022 ആഗസ്റ്റ് 16-ന് അന്തിമ ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി ഗുണഭോക്തൃ പട്ടിക പ്രകാരം ഭൂമിയുള്ള ഭവനരഹിതരായി 3,11,133 ഗുണഭോക്താക്കളും ഭൂരഹിത ഭവനരഹിതരായി 1,51,478 ഗുണഭോക്താക്കളും ഉൾപ്പെട്ടിട്ടുണ്ട്. ഗുണഭോക്തൃ പട്ടിക സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.<br><br>ഇതിന്ശേഷം 168 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കൂടി ഗുണഭോക്തൃ പട്ടിക അന്തിമമാക്കിയിട്ടുണ്ട്. |
| (ബി) | കാലവർഷക്കെടുതി കാരണം യഥാസമയം ഗ്രാമ, വാർഡ് സഭകൾ പൂർത്തീകരിക്കാൻ കഴിയാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗുണഭോക്തൃ പട്ടിക സമർപ്പിക്കുന്നതിന് അവസരം നൽകിയിട്ടുണ്ടോ; എന്തെല്ലാം പരിശോധനകൾക്കും നടപടിക്രമങ്ങൾക്കും ശേഷമാണ് അന്തിമ പട്ടിക പ്രസിദ്ധീകരിക്കുന്നതെന്ന് വിശദമാക്കാമോ? | (ബി) | നൽകിയിരുന്നു. ലൈഫ് 2020 പ്രകാരം ഓൺലൈനായി സ്വീകരിച്ച അപേക്ഷകളിൻമേൽ അർഹതാ പരിശോധനയും പുന:പരിശോധനയും ഒന്നും രണ്ടും ഘട്ട അപ്പീലുകൾക്കും ശേഷം ഗ്രാമസഭ/ വാർഡ്സഭ കളുടെയും തദ്ദേശസ്വയംഭരണ സ്ഥാപന അംഗീകാരത്തോടുംകൂടി (പ്രതികൂലമായ കാലാവസ്ഥ മൂലവും ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്നതിനാലും ഗുണഭോക്തൃ പട്ടിക അന്തിമമാക്കാൻ സാധിക്കാതെയിരുന്ന 171 |

| | | | |
|---|---|---|---|
| | | | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒഴികെ) പട്ടിക അന്തിമമാക്കിയാണ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുള്ളത്. പ്രതികൂലമായ കാലാവസ്ഥ മൂലം അന്തിമ ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിക്കുവാൻ സാധിക്കാതിരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗുണഭോക്തൃ പട്ടിക അന്തിമമാക്കി പ്രസിദ്ധീകരിക്കുന്നതിനുള്ള അവസരം ലഭ്യമാക്കിയിട്ടുണ്ട്.<br><br>ഇതിന്ശേഷം 168 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കൂടി ഗുണഭോക്തൃ പട്ടിക അന്തിമമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## ലൈഫ് 2020 അന്തിമ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കളുടെ വിവരം

| തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവരം | | ഗുണഭോക്തൃ പട്ടിക അന്തിമമാക്കിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എണ്ണം | ഗുണഭോക്തൃ പട്ടിക അന്തിമമാക്കാൻ അവശേഷിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എണ്ണം |
|---|---|---|---|
| ആകെ ഗ്രാമപഞ്ചായത്തുകളുടെ എണ്ണം | 941 | 790 | 151 |
| ആകെ മുനിസിപ്പാലിറ്റികളുടെ എണ്ണം | 87 | 68 | 19 |
| ആകെ കോർപ്പറേഷനുകളുടെ എണ്ണം | 6 | 5 | 1 |
| ആകെ | 1034 | 863 | 171 (ഇതിൽ 168 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കൂടി ഗുണഭോക്തൃ പട്ടിക അന്തിമ മാക്കിയിട്ടുണ്ട്.) |

| ഗുണഭോക്തൃ വിശദാംശം | | പൊതു വിഭാഗം | പട്ടികജാതി വിഭാഗം | പട്ടിക വർഗ്ഗ വിഭാഗം |
|---|---|---|---|---|
| ഭൂമിയുള്ള ഭവനരഹിതർ | 3,11,333 | 2,42,708 | 57,000 | 11,425 |
| ഭൂരഹിത ഭവനരഹിതർ | 1,51,478 | 1,10,360 | 37,937 | 3,181 |
| ആകെ | 4,62,611 | 3,53,068 | 94,937 | 14,606 |